(എ) കുന്ദമംഗലം പോലീസ് സ്റ്റേഷൻ പരിധിയിൽ കഞ്ചാവ് കൈവശം വച്ചെന്ന വ്യാജേന കേസിൽപ്പെടുത്താൻ ഗൂഡാലോചന നടത്തിയ സംഭവത്തിൽ റിപ്പോർട്ട് ആവശ്യപ്പെട്ടുകൊണ്ട് 31704/ എസ്.എസ്.എ 1/2012/ഹോം നമ്പർ ഫയലിൽ സംസ്ഥാന പോലീസ് മേധാവിക്ക് കത്തും 11-9-2013, 29-10-2013, 24-2-2015, 9-6-2015 തീയതികളിൽ ഓർമ്മക്കുറിപ്പുകളും അയച്ചെങ്കിലും റിപ്പോർട്ട് ഇതുവരെ ലഭ്യമാക്കിയിട്ടില്ലെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിശോധിച്ചിട്ടുണ്ടോ;

(ബി) റിപ്പോർട്ട് ലഭ്യമാക്കുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ എന്തു നടപടിയാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ & ബി) റിപ്പോർട്ട് 14-12-2015-ൽ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. റിപ്പോർട്ട് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

**സമാന്തര പോലീസ് സംവിധാനം**

**195 (3706)** ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഭ്യന്തര വകുപ്പിൽനിന്നും റിട്ടയർ ചെയ്ത എസ്.പി. റാങ്കിലുള്ള ഉദ്യോഗസ്ഥൻ സമാന്തര പോലീസ് സംവിധാനം നടത്തിവരുന്നതായുള്ള വാർത്ത ശരിയാണോ; വിശദമാക്കുമോ; ഇക്കാര്യത്തിൽ പോലീസ് വകുപ്പ് കോടതിയിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; പ്രസ്തുത വിഷയത്തിൽ സർക്കാർ സമർപ്പിച്ച റിപ്പോർട്ടിലെ വിശദീകരണം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത വാർത്ത ശരിയാണെങ്കിൽ പ്രസ്തുത റിട്ട.എസ്.പി.ക്കെതിരെ ആഭ്യന്തര വകുപ്പ് സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് സമാന്തര പോലീസ് സ്റ്റേഷനുകൾ പ്രവർത്തിക്കുന്നതായി ഏതെങ്കിലും അന്വേഷണ റിപ്പോർട്ടുകളിൽ നിന്നോ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്ന കേസ്സുകളിൽ നിന്നോ വെളിവായിട്ടില്ലാത്തതാണ്. സമാന്തര പോലീസ് സ്റ്റേഷൻ നടത്തി വരുന്നതായി പോലീസിനു പരാതികളോ റിപ്പോർട്ടുകളോ ലഭിച്ചിട്ടില്ലാത്തതിനാൽ ഇക്കാര്യത്തിൽ കേസ് രജിസ്റ്റർ ചെയ്തിട്ടില്ലാത്തതുമാണ്.
GPM. 2/235/2020-35

LIBRARY ARCHIVES Kerala Legislative Assembly